little KITEs

# LUMIERE

## 2018-19

## ST.MARY'S HIGH SCHOOL

## MARYKULAM

ST MARY'S H.S.S MARYKULAM

LUX MUNDI








ദീർഘകാല സേവനത്തിനുശേഷം

സർവീസിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ

ഏറ്റവും പ്രിയങ്കരനായ

പി.എം.തോമസ് സാറിന്

# യാത്രാമംഗളങ്ങൾ





# Photo Gallery





# RECEIVING TROPHY FOR BEST SCHOOL



# SSLC Full A+ Winners 2017-18




सत्यमेव जयते
SPC
WE LEARN TO SERVE
THE BHARAT SCOUT & GUIDE
TANTIA UNIVERSITY, SRI GANGANAGAR
NCC
little
KITEs

# എഡിറ്റോറിയൽ ബോർഡ്


ശ്രീമതി.സെലീന തോമസ് (ഹെഡ്മിസ്ട്രസ്)

ശ്രീ.തോമസ് ഉലഹന്നാൻ കിഴക്കേമുറി (പി ടി എ പ്രസിഡന്റ് )

ശ്രീമതി.ജിൽസി ജോസ് (കൈറ്റ് മിസ്ട്രസ്)

സിസ്റ്റർ ലിസ്സിമോൾ ജോർജ് കെ (കൈറ്റ് മിസ്ട്രസ്)

ശ്രീ.ബിജുമോൻ ജോസഫ് (സ്റ്റാഫ് പ്രതിനിധി )

കുമാരി.ജോസിയ ജോമോൻ (സ്റ്റുഡന്റ്സ് എഡിറ്റർ)

കുമാരി.സ്റ്റെഫിയ അജി

കുമാരി.അതുല്യ സുദർശൻ

കുമാരി.നാൻസി നോബിൾ

കുമാരി.അനിഷ സാലു

മാസ്റ്റർ.അലൻ റെജി


മാസ്റ്റർ.വിശ്വാ എസ്

മാസ്റ്റർ.അഡോൺ ജിയോ ഫ്രാൻസിസ്

മാസ്റ്റർ.നിതിൻ സന്തോഷ്

# സന്ദേശം

മേരികുളം സെന്റ് മേരീസ് ഹൈസ്കൂളിൽ കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബ് വിജയകരമായി അതിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണല്ലോ. ഈ അവസരത്തിൽ 'ലൂമിയർ' എന്ന പേരിൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്.കുട്ടികളുടെ സർഗാൽമകഥയും വിവരസാങ്കേതിക വിദ്യയിലുള്ള അഭിരുചിയും സമഞ്ചസമായി സമ്മേളിക്കുന്ന ഈ സംരഭം ,ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിമാനാർഹമാണ്. മറ്റുള്ള കുട്ടികൾക്കും ഇത് കൂടുതൽ പ്രചോദനാത്മകമാകട്ടെ. ക്ലബ്ബിന്റെ ഭാഗമായി പ്രവർത്തിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അവരുടെ ആദ്യ സംരംഭമായ ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ വിജയങ്ങളും ആശംസി ക്കുന്നു.തുടർന്നും ഇത്തരത്തിലുള്ള ഉദ്യമങ്ങൾക്ക് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്,



**സ്നേഹപൂർവ്വം,**

**ഫാ.ഫിലിപ്പ് തടത്തിൽ**

**സ്കൂൾ മാനേജർ**

## സന്ദേശം

മേരികുളം സെന്റ് മേരീസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റസ് ക്ലബ്ബിന്റെ നേതൃതചത്തിൽ 'ലൂമിയർ' എന്നപേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ചെയ്യുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കൈറ്റ്സ് കുട്ടികളുടെ കൂട്ടായ പ്രയതത്തിന്റെ ഫലമായി അണിയിച്ചൊരുക്കുന്ന ഈ മാഗസിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രയതിച്ച എല്ലാ അധ്യാപകരേയും വിദ്യാർത്ഥികളേയും സർവാത്മന അഭിനന്ദിക്കുന്നു. ഈ ഉദ്യമത്തിന് സർവവിധ മംഗള ങ്ങളും ആശംസിക്കുന്നു.

**സ്നേഹപൂർവ്വം,**



**സെലീന തോമസ്,**
ഹെഡ്മിസ്ട്രസ്

# സന്ദേശം

മേരികുളം സെന്റ് മേരീസ് ഹൈസ്കൂളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ "ലൂമിയർ" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിൽ പങ്കാളികളാകുന്ന മുഴുവൻ കുട്ടികളേയും, ഇതിനു നേതൃത്വം വഹിച്ച അദ്ധ്യാപകരേയും പ്രത്യേകം അനുമോദിക്കുന്നു. സർഗാത്മകതയും സാങ്കേതികതയും യോജിപ്പിച്ചുള്ള ഈ ഉദ്യമത്തിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു. ക്ലബ്ബിന്റെ പ്രവർത്തനം ഒരു വർഷകാലം കൊണ്ട് വളരെ വിജയിപ്പിക്കാൻ സാധിച്ചതിലുള്ള സന്തോഷവും, അഭിമാനവും അറിയിക്കുന്നു.

**സ്നേഹപൂർവ്വം**

തോമസ് കിഴക്കേമുറി

പി.റ്റി.എ പ്രസിഡന്റ്



# സന്ദേശം

മേരികുളം സെന്റ് മേരീസ് ഹൈസ്കൂളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലൂമിയർ എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോ ഷമുണ്ട്. കുട്ടികളുടെ സർഗ്ഗാത്മകമായ നൈപുണികൾ വിവര സാങ്കേ തികയോടെ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കു ന്ന ഈ മാഗസിൻ ക്ലബ്ബിലെ അംഗങ്ങൾക്കും മറ്റുള്ള കുട്ടികൾക്കും വള രെ പ്രയോജനപ്രദമായിരിക്കും എന്നത് നിസ്തർക്കമായ വസ്തുതയാണ് കഥകളും കവിതകളും ലേഖനങ്ങളും വരകളും വർണങ്ങളുമെല്ലാം അർപ്പ ണബോധത്തോടുകൂടി ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്ന ഈ ഉദ്യമം നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ പുതിയ കാൽവയ്പ്പാണ്. ലിറ്റൽ കൈറ്റ്സ് ക്ലബ് പൂർണമായ അർത്ഥത്തിലും അംശത്തിലും വിജയകരമായി പ്രവർത്തിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് മനോഹരവും അർത്ഥസമ്പുഷ്ടവും ഭാവനാത്മകവുമായ ഈ ഡിജിറ്റൽ മാഗസിൻ .ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച ലിറ്റൽ കൈറ്റ്സ് മിസ്ട്രസുമാരായ ശ്രീമതി ജിൽസി ജോസിനും റവ. സി. ലിസിമോൾ ജോർജിനും ക്ലബ്ബിലെ മുഴുവൻ കുട്ടികൾക്കും അഭിനന്ദനങ്ങൾ അറിയി ക്കുകയും എല്ലാവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**ബിജുമോൻ ജോസഫ്**

***സ്റ്റാഫ് പ്രതിനിധി***



# എഡിറ്റോറിയൽ

പ്രകാശം സൂര്യനിൽ നിന്ന് വരുന്നു. ഓരോ വിദ്യാർത്ഥികൾക്കും പ്രകാശം പകരുന്നത് ഗുരുക്കന്മരാണ്. വിദ്യാഭ്യാസം എന്നത് ഇരുളിൽ നിന്നുമുള്ള ഒരു ഉയിർത്തെഴുന്നേൽപ്പാണ്. നാമിപ്പോൾ ജീവിക്കുന്നത് ആധുനിക യുഗത്തിൽ. ലോകം മാറുമ്പോൾ നാമും മാറുന്നു.നമ്മുടെ ചിന്തകളും പ്രവർത്തികളും മാറുന്നു. “സ്വപ്നം കാണുക. ആ സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുക. ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക.” എ.പി. ജെ അബ്ദുൾ കലാമിന്റെ ഈ വാക്കുകൾ ഒരിക്കലും മറക്കാനാവാത്ത താണ് . ഏതൊരു വിജയത്തിന്റെയും തുടക്കത്തിനു പിൻപിലും ഒരു സ്വപ്നമുണ്ടാകും. ആ സ്വപ്നത്തിലേക്ക് അധികം ദൂരമുണ്ടാവില്ല. നാം ഇരുളിൽ പ്രകാശിക്കുന്നവരായിക്കണം. ആധുനിക യുഗത്തിൽ പ്രതി സന്ധികൾ ഏറെയായിരിക്കും.നമ്മുടെ ലക്ഷ്യങ്ങളെ നാം മുറുകെ പിടിച്ച് ജീവിതത്തിൽ വിജയിക്കണം.

ലക്ഷ്യങ്ങളെ മുറുകെ പിടിക്കുന്നതിനും സ്വപ്നങ്ങൾ കാണുന്നതിനും ഈ മാഗസിൻ ഒരു പ്രചോദനം ആകട്ടെ. "ലൂമിയർ"എന്ന ഈ കലാസൃഷ്ടിയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ജിൽസി ജോസ്



സി.[illegible] ജോർജ് കെ



# കൂട്ടുകാരേ...

കൊടുംകാറ്റും, തിരമാലയും, പേമാരിയും, വെള്ളപ്പൊക്കവും പ്രതികൂലമായി ആഞ്ഞടിച്ച ഈ അധ്യയനവർഷം!!!! പകച്ചുപോയ കുരുന്നു മനസ്സുകൾ എത്ര പെട്ടെന്നാണ് ഇവയെ അതിജീവിച്ചത്. കുട്ടിപ്രതിഭകളുടെ കലാസൃഷ്ടി കൾ ആരിലും വിസ്മയം ഉണർത്തും.അതിവേഗം ബഹുദൂരം വളർന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ യുഗത്തിൽ പേപ്പറോ,പേനയോ, ഇല്ലാതെ പുസ്തകമില്ലാത്ത പുസ്തകം സൃഷിടിക്കുവാനുള്ള ഞങ്ങളുടെ ശ്രമത്തിന് ഞങ്ങളെ സഹായിക്കുകയും ഞങ്ങളോടൊപ്പം സഹകരിക്കുകയും ചെയ്ത ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സിനും,പി.റ്റി.എ പ്രസിഡന്റിനും, അധ്യാപകർക്കും, അനധ്യാപകർക്കും പ്രിയകൂട്ടുകാർക്കും നന്ദി അർപ്പിക്കുന്നു

ഡിജിറ്റൽ മാഗസിൻ സാങ്കേതിക വിദ്യാരംഗത്ത് പുതിയതരംഗങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം സാഹിത്യരംഗത്തും നല്ല നല്ല സൃഷ്ടികൾ സംഭാവനചെയ്യുന്നു .ഞങ്ങളുടെ മാഗസിനും പുതിയ ചിന്തകളും പ്രവർത്തികളും ഉണർത്താൻ കഴിയും എന്ന പ്രതീക്ഷയോടെ,'ലൂമിയർ' ഞങ്ങൾ സമർപ്പിക്കുന്നു

*നന്ദി.....*



**ജോസിയ ജോമോൻ**

**സ്റ്റുഡന്റ്സ് എഡിറ്റർ**

# ഇതളുകൾ വിരിയുമ്പോൾ

1. എന്താണ് ലിറ്റിൽ കൈറ്റ്സ്?
2. Value of Education
3.മാധ്യമങ്ങളുടെ തെറ്റായ സ്വാധീനം
4.BEAUTY OF IDUKKI
5.നിന്റെ കണ്ണുകൾ നിറഞ്ഞാൽ
6.Man Vs Machine
7.ഹർത്താൽ
8..വിദ്യാർത്ഥിയുടെ വിധി
9.മഹാത്മാ ഗാന്ധി
10..മാതൃസ്നേഹം
11..The good farmer
12..എ.പി.ജെ. അബ്ദുൽ കലാം
13.കറമ്പിയും കുറുമ്പിയും
14.പ്രണയം
15..പരിശ്രമം ഒരിക്കലും പാഴാകില്ല
16..Art
17.ബാലവേല ഒരു വിചിന്തനം
18.എൻ നിഴൽ അമ്മ
19.വൈക്കം മുഹമ്മദ് ബഷീർ
20..ക്ഷമ  അത്യാവശ്യഘടകം

depositphotos



21.അവസാനമില്ലാത്ത മയക്കം

22..भीमा गधा

23.പട്ടം

24.ओणम

25.മറക്കരുത്... കലാം നൽകിയ 10 ജീവിത പാഠങ്ങൾ

22.വീക്ഷണം

23.ചോദ്യങ്ങൾ

24.खोज

25.नरेश सक्सेना

26.TO MY DEAR MOM...

27.Art

28.പ്രളയം ഒരു പ്രഹേളിക

29.Thought





# എന്താണ് ലിറ്റിൽ കൈറ്റ്സ്?

അറിവ് മറ്റൊരാളിൽനിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്..ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്.വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കു വഹിക്കാനും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തി എടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത് .ഇതിന്റെ തുടർച്ചയാണ് സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യത്തിൽ ഗുണപരമായും സര്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനു ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത് .

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിധരീതിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത് . സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപെടുത്തുന്ന തിനു അവസരം നൽകി , ഓരോ കുട്ടികൾക്കും തനിക്കു യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയ മേഖലയിലെപ്രായോഗിക പരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് . ഗ്രാഫിക് & അനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിങ് , പൈത്തൺ പ്രോഗ്രാമിങ് , മൊബൈൽ ആപ്പ് നിർമാണം , റോബോട്ടിക് ,ഇലക്ട്രോണിക്സ് , ഹാർഡ്‌വെയർ ,മലയാളം കമ്പ്യൂട്ടിങ് , ഡെസ്ക്ടോപ്പ് പബ്ലിഷിംഗ്, ഇന്റർനെറ്റ് സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് പരിശീലനത്തിൽഉൾക്കൊള്ളിച്ചിരിക്കുന്നത് .

## Value of Education

Value of education is the process by which people give moral values to each other. It can be a activity that can takes place in any human organisations during while people are assisted by others who may be older in a condition experienced to make explicit our ethics in order to assess the effectiveness of these values and associated behaviour for their own and others long term well being and to reflect on and acquire other values and behaviours which they recognise as being more effective for long term well being of self and others. There is a difference between literacy and education.

According to C. V. Raman good value education is the aggregate of all the process by means of which a person develops abilities and other form of behaviour of the positive value in the society in which he live.

The Indian government currently promote value education in its schools. The Ministry Of Human Resource Development has taken strong step to introduce values among schools and teacher training centres .Also India is known as the land of introducing values. In India, under the leadership of B. Shaji Kumar New Golden Education Trust{N.G.E.T} value based education has been progressing throughout the country among the schools from play school to twelve std class.

Anisha salu



# മാധ്യമങ്ങളുടെ തെറ്റായ സ്വാധീനം

മനുഷ്യന് ദൈവം ചിരിക്കാനും ചിന്തിക്കാനുമുള്ള അറിവ് നൽകി. ഒരു ശിശു ജനിച്ച് കുറച്ചു ദിവസം കഴിയുമ്പോൾ മുഖത്തുനോക്കി ചിരിക്കാൻ തുടങ്ങുന്നു. ഇത് കാണുന്ന മാതാപിതാക്കൾ സന്തോഷിക്കുന്നു. കുട്ടികൾ വളർന്ന് വരുമ്പോൾ ചിരിക്കുക മാത്രമല്ല ചിന്തിക്കാനും തുടങ്ങുന്നു.കുട്ടികൾ ചിന്തിച്ചു പ്രവർത്തിക്കാൻ അവർക്ക് ആവശ്യമായ നല്ല ചിന്തകളും പ്രവർത്തികളും നൽകേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരും സമൂഹവുമാണ്. എന്നാൽ മാതാപിതാക്കളുടെ തിരക്കു മൂലം കുട്ടികൾ അടങ്ങിയിരിക്കേണ്ടതിന് അവരെ മാധ്യമങ്ങളുടെ മുൻപിൽ ഇരുത്തുന്നു. അങ്ങനെ അവരുടെ ചിന്താശേഷിയെ വളർത്തുന്നതിൽ മാധ്യമങ്ങൾ പ്രധാന പങ്കു വഹിക്കുന്നു.നല്ല കാര്യങ്ങൾ എത്തിക്കുന്നതു പോലെ തന്നെ മാധ്യമങ്ങൾ ചില ദൂഷ്യകാര്യങ്ങളും എത്തിക്കുന്നുണ്ട്. സിനിമകളും സീരിയലുകളും കാർട്ടൂണുകളും കാണുമ്പോൾ അറിയാതെ കുഞ്ഞുങ്ങൾ അതിൽപ്പെടുന്നു. അതിലെ കൊലപാതകങ്ങളുടേയും വഞ്ചനകളുടെയും അടിപിടികളുടെയും രംഗങ്ങൾ അവരുടെ മനസ്സിൽ പതിയുന്നു. പോരാത്തതിന് നമ്മുടെ സമൂഹവും നീചകാര്യങ്ങൾ കുട്ടികൾക്ക് മുന്നിൽ ചെയ്യുന്നു. മതത്തിനു വേണ്ടിയും രാഷ്ട്രീയത്തിനു വേണ്ടിയും ജാതിക്കു വേണ്ടിയും സ്വന്തം കാര്യസാദ്ധ്യത്തിനു വേണ്ടയും മറ്റുള്ളവരെ തകർക്കുന്നത് കാണുന്ന തലമുറ മനസാക്ഷി മരവിച്ചവരായിരിക്കുന്നു.

മാധ്യമങ്ങളും  സമൂഹവും കുട്ടികളിൽ നീചകാര്യങ്ങളാണ് ഇപ്പോൾ വളർത്തുന്നത്. നാം ദൈവം നമ്മുക്കു തന്ന ചിരിക്കാനും ചിന്തിക്കാനും സ്നേഹിക്കുവാനും കരുതുവാനും മറ്റുള്ളവരെ സഹായിക്കുവാനും ഉള്ള കഴിവുകൾ നശിപ്പിക്കാനും നമ്മുടെ തലമുയെ നല്ലവരായി മുന്നോട്ടു കൊണ്ടു പോകാം.

*ജോസിയ ജോമോൻ*

# BEAUTY OF IDUKKI

















# നിന്റെ കണ്ണുകൾ നിറഞ്ഞാൽ

നിന്റെ കണ്ണുകൾ നിറഞ്ഞാൽ
പിടയാത്തതായേതു മനമുണ്ട് ധരണിയിൽ
വിഷമുള്ള നാവിന്റെ കൂരമ്പു കൊണ്ട് നിൻ
ഹൃദയം പിളർന്നു വൃണമായിടും
തെരുവിലും ഉടുപുടവ ഉരിയുവാൻ ആളെങ്ങും
കനിവിന്റെ മുഖമൊന്നും കാണുകില്ല
എരിയുന്ന അഗ്നിയിൽ ചൊരിയുവാനുള്ള
ഇരയെന്നയിന്ധനം നീയായിട്ടും
തളരും നിൻ മനസ്സും ശരീരവുമൊരുപോലെ
ഇലകളും ഞെട്ടും കൊഴിഞ്ഞു വീഴും
അടിയുറപ്പുള്ള വേരുകൾ ഇല്ലെങ്കിൽ
ചെറുകാറ്റുപോലും നിന്നെയുലച്ചീടും
ബഹുമതിയേറുന്ന സ്ത്രീയെന്ന വാക്കിന്റെ
മഹിമകൾ നീയിനി കാട്ടിടേണം
പദവികൾ നേടിയ പലരുടെയിടയിലും
ഒരുവളായ് നീ ഇനി ഉയർന്നീടണം
അവരുടെ ശക്തിയായ് നീ ഇനി
വളർന്നീടണം.

**അതുല്യാ ബിജു**

# Man Vs Machine

Over the decades, man has come up with several unique and resourceful inventions. The computer and machines have begun to control and replace the important functions earlier performed by man. We have grown extremely dependent on artificial intelligence. However, it is widely believed that artificial intelligence cannot replace human intelligence, as man is the creator of machines.

Human brain can work constantly and more efficiently to create and make use of something wisely. Humans are capable of learning, grasping, understanding the concept of various things. Humans are curious to discover and create new things. Humans are multi-talented whereas machines are not. Artificial intelligence is also created by human brains and their functions are limited.

Machines are superior to humans in terms of speed and accuracy. Calculators for example work more accurately and speedily than human brains to make calculations. Human brain programs the functioning of any kind of machine. Human brains develop naturally by observing, experimenting, learning and discovering, but the improvement in machinery is possible only when its mechanical brain is fed by humans. Also, there is no emotional intelligence in machines. Emotions play a major role in developing human brain.

**Thus, the capacity of machines is limited whereas humans are always experimenting, creating, inventing and discovering more and more.The products are finely made with the help of machines and have a better finish compared to the human made products. Machines can manufacture things in larger quantities compared to man and at greater speed. Whether it is clothing, footwear or jewellery, everything produced by machines has a good finish.**

**Artificial intelligence not only save lot of time and energy but is also a medium of entertainment for man. Today man cannot imagine his life without smart phones, laptops, music systems, television sets, washing machines and other such equipments. Humans and machines are not competitors, but humans collaborate with machines for more productivity, speed and accuracy. From communication to travelling everything has become simple and speedy. Man seeks help of the machines for all the activities he does. There are countless uses of machines. Machines are responsible for rapid development in the present day world.**

**However, we must not forget that machines are a creation of man. So, surely man is superior to machines. He has become handicapped in a way as physically he has become less active and is dependent on machines. Man is a greedy animal who wants more and more. Even though machines have made the life of man easy, he has no time and patience to live peaceful life.**

**In a way, I think machines have made human life entertaining as well as dull as he has no time and patience to work hard or enjoy the natural beauty of the world. The collaboration of man and machines, I think is the best though it can have both positive as well as negative impact on mankind.**

***Anisha Salu***



**SMHS Marykulam**

# ഹർത്താൽ

ഇന്ന് ഹർത്താലാണ് .ഇത് എന്റെ റിട്ടേർമെന്റ് ജീവിതത്തിലെ ആദ്യ ഹർത്താലാണ്.തിണ്ണയിൽ വന്നു ഈ ചാരുകസേരയിൽ അലസമായി കാറ്റുകൊണ്ടിരിക്കുമ്പോൾ ഞാൻ അവനെപ്പറ്റി ഓർക്കുകയായിരുന്നു 'വിനായകനെപറ്റി'.

ഞാൻ കാന്തല്ലൂരിലെ യു.പി സ്കൂളിലാണ് അവസാനമാ അധ്യാപകനായിരുന്നത്.ഞാൻ ആയിരുന്നു വിനുവിന്റെ ക്ലാസ് സാർ.ഞാനാദ്യമായി ക്ലാസ്സിൽ ചെന്ന ദിവസം തന്നെ അവൻ ക്ലാസ്സിൽ കിടന്നുറങ്ങുകയായിരുന്നു .അവൻ പഠിക്കാൻ മോശമായിരുന്നു.ക്ലാസ്സിൽ ഇരുന്നു ഉറങ്ങുന്ന അവന്റെ ശീലവും മുഷിഞ്ഞ വസ്ത്രങ്ങളും ,ഭക്ഷണസമയത ആക്രാന്തവുമെല്ലാം എനിക്കാദ്യം അസ്വസ്ഥതയാണുണ്ടാക്കിയത് .

ഞാൻ ശ്രദ്ധിച്ച മറ്റൊരു കാര്യം സ്കൂളിൽ നിന്ന് ചോറ് വാങ്ങി കഴിച്ചതിനു ശേഷം പാത്രം കഴുകി വീണ്ടും ചോറുവാങ്ങി പാത്രത്തിലടച്ച് വീട്ടിൽ കൊണ്ടുപോകുമെന്നുള്ളതാണ്..

അവനെപറ്റി വീണ്ടും അന്വേഷിച്ചപ്പോഴാണ് അവ അച്ഛൻ മരിച്ചുപോയിരുന്നുവെന്നും,അമ്മ എഴുന്നേൽക്കാനാവാതെ കിടക്കുകയാണെന്നുമുള്ള വിവരം എനിക്ക് മനസിലായത്.വിനു പാത്രത്തി അടച്ചുകൊണ്ട് പോകുന്ന ചോറ് അവന്റെ അമ്മയ്ക്കുള്ളതായിരുന്നു.സ്കൂളിലെ ഉ ഭക്ഷണവും വിനു ഒരു കോൺട്രാക്ടറുടെ അടുത്ത് പണിക്കു പോയി ഉണ്ടാക ചെറിയ വരുമാനം കൊണ്ടായിരുന്നു.അങ്ങനെ ആ വീട് കഴിഞ്ഞു പോന്നു.

ഇന്നതിനുശേഷം നാല് വര്ഷം കഴിഞ്ഞു.ഇപ്പോൾ അ 10 ഇൽ എത്തിയിട്ടുണ്ടാവും.ഇന്ന് അവൻ എങ്ങനെ ഉച്ചഭക്ഷണം വാങ്ങി കഴിക്കും?വിനു ഇന്ന് എന്തെങ്കിലും കഴിച്ചിട്ടുണ്ടാകുമോ?

ഹർത്താൽ കാരണം തൊഴിൽ ഇല്ലാതാവുന്നവരും വിശക്കുന്നവരും നഷ്ടം വരുന്നവരുമായി എത്ര ആളുകളുണ്ടാകും!

ആദർശ് മാത്യു

# വിഡ്ഢിയുടെ വിധി



ഒരിക്കൽ ഒരാൾ തന്റെ കുതിരയെയും ആടിനെയും വിൽക്കാനായി പട്ടണത്തിലേക്ക് പുറപ്പെട്ടു. അറിയപ്പെടുന്ന ഒരു വിഡ്ഢിയായിരുന്നു അയാൾ. അയാൾ തന്റെ ആടിന്റെ കഴുത്തിൽ ഒരു മണി കെട്ടിയിട്ടു ആടിനെ കുതിരയുടെ വാലിൽ കെട്ടി. ആരെങ്കിലും മോഷ്ടിക്കാൻ ശ്രേമിച്ചാൽ മണിയുടെ ശബ്ദം കൊണ്ട് അറിയാമല്ലോ. എന്ന് അയാൾ വിചാരിച്ചു.

ബുദ്ധിമാന്മാരായ മൂന്നു കള്ളന്മാർ അയാളുടെ കുതിരയെയും ആടിനെയും തട്ടിയെടുക്കാൻ തീരുമാനിച്ചു. ആദ്യത്തെ കള്ളൻ സാവധാനം ആടിന്റെ കഴുത്തിലെ മണി അഴിച്ചെടുത്തു കുതിരയുടെ വാലിൽ കെട്ടി ആടിനെയുംകൊണ്ട് അയാൾ നടന്നു കുറച്ച കഴിഞ്ഞിട്ട് രണ്ടാമത് കള്ളൻ അയാളെ സമീപിച്ചിട്ട് പറഞ്ഞു കുറച്ച പേർ ചേർന്ന് നിങ്ങളുടെ ആടിനെയും മോഷ്ടിച്ചുകൊണ്ട് പോകുന്നത് ഞാൻ കണ്ടു. കുതിരയെ തന്നാൽ ഞാൻ പോയി അയാളെ പിടിച്ചുകൊണ്ട് വരാം. ആ വിഡ്ഢി കള്ളൻ പറഞ്ഞത് വിശ്വസിച്ച് കുതിരയെ വിട്ടുകൊടുത്തു. കുതിരയുമായി പോയ കള്ളൻ പിന്നെ വന്നില്ല. അയാൾക്ക് തന്നോട് തന്നെ ദേഷ്യം തോന്നി. അയാൾ അടുത്തുള്ള കിണറിനടുത്തേക്ക് നടന്നു. അപ്പോൾ മൂന്നാമത്തെ കള്ളനും ഒപ്പം കൂടി. കള്ളൻ പറഞ്ഞു : 'ചില നാണയങ്ങളും വിലപ്പിടിപ്പുള്ള സാധനങ്ങളും കിണറ്റിൽ വീണിട്ടുണ്ട് അവ എടുത്തു തന്നാൽ ഒരു സ്വർണ നാണയം പ്രതിഫലമായി തരാം'. ഇതു കേട്ട വിഡ്ഢി തന്റെ വസ്ത്രങ്ങൾ അഴിച് വെച്ചിട്ടു കിണറ്റിലേക്ക് എടുത്തു ചാടി. കുറെ സമയം തിരഞ്ഞിട്ടും ഒന്നും കിട്ടാതായപ്പോൾ അയാൾ കരക്ക് കയറി. പാവം ഞെട്ടിപ്പോയി! അയാളുടെ വസ്ത്രങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. നോക്കണേ ഒരു പാവം വിഡ്ഢിയുടെ വിധി.

**മഞ്ജു എം**

# മഹാത്മാ ഗാന്ധി



**മോഹൻദാസ് കരംചന്ദ് ഗാന്ധി അഥവാ മഹാത്മാ ഗാന്ധി** (1869ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്ര പിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. *മഹത്തായ ആത്മാവ്* എന്നർത്ഥം വരുന്ന *മഹാത്മാ*, അച്ഛൻ എന്നർത്ഥംവരുന്ന *ബാപ്പു* എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്ക മാതൃകയായി. സ്വയം നൂൽനൂറ്റിയുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു

സ്റ്റെഫിയാ അജി

# മാതൃസ്നേഹം

ഓർക്കുന്നു ഞാനെന്റെ ബാല്യം
ഓർമിക്കും ഞാനെന്റെ ബാല്യം
അമ്മതൻ അമ്മിഞ്ഞപ്പാലുനുകർന്നതും
നെഞ്ചോടു ചേർത്ത് പുണർന്നോ- രാകൈകളിൽ
തന്റേടമോടെ മുറുകെപിടിച്ചതും ഓർക്കുന്നു
ഏതോ പുണ്യ നിമിഷമായ്

പിച്ചവെച്ചു നടന്നിടുമ്പോൾ മുറ്റത്തു
വെച്ചങ്ങുവീഴാതെ ചുറ്റിപിടിച്ചുനടത്തിയും
അന്തിമയങ്ങിയ നേരത്തു അമ്പിളിമാമനെ
കാട്ടി നെഞ്ചോടു ചേർത്ത് മാമൂട്ടിച്ചതും
ഓർക്കുന്നു ഞാനാ മാതൃസ്നേഹം

വാതിൽ പടിയിൽ മറഞ്ഞു ഞാൻ നിൽക്കുമ്പോൾ
തേടിനടന്നു മുറ്റത്തും തൊടിയിലും
കത്തിയെരിയുന്ന അമർഷത്തിലും കണ്ടു ഞാൻ
മാതൃസ്നേഹത്തിന്റെ വാടാത്ത മൊട്ടുകൾ

നാൻസി നോബിൾ

# The good farmer

**There was a good farmer in the village . He was poor . In that village two brothers are also settled . They were very rich . The good farmer has only one cow . But the two brothers have 200 cows each . But they were not happy . There happiness was only in money making. Their dream was to become so rich . But the good farmer was very happy . But the two brothers were very jealous seeing the good farmer's happiness. But the good farmer is not interested in money . One day the two brothers took a decision to put fire in the farmer's field . At night the two brothers fire his field . some days are gone the good farmer has no food . The farmer thinking about his cow. one day the farmer decided to rent the cow. One man has come to the cow and he was give it . The man give the farmer fifty thousand rupees .The farmer became very sad. The farmer decided to bought a small field. The farmer started to cultivate corn on the field. The two brothers knew about it. The brothers decided to the destroy the farmer. The came to the farmer's field. And they try to destroy the corns. The farmer saw that. The farmer came to the field. The brothers run away from the field. The farmer complain the police about the two brothers. The two brothers were arrested. The brothers give money to the farmer.**

**Alen Reji**

# എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന(2002-2007) അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം (1931 ഒക്ടോബർ 15 – 2015 ജൂലൈ 27 പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം (DRDO), ബഹിരാകാശഗവേഷണകേന്ദ്രം (ISRO) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു.ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത്
ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടി-യുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഐ)-യുടെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയനയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25-നു സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ശരണ്യാ എസ്

# കഥ

## കറമ്പിയും കുറുമ്പിയും

ഒരു കാട്ടിൽ കുറെ കാക്കകളുണ്ടായിരുന്നു അതിൽ കറുമ്പി കാക്കയെന്നും കുറുമ്പികാക്കയെന്നും പേരുള്ള രണ്ടു കാക്കകളുണ്ടായിരുന്നു കുറുമ്പി കാക്ക കുശുമ്പിയായിരുന്നു. ഒരു ദിവസം കറുമ്പി ഒരു വാഴയിൽ ഇരിക്കുകയായിരുന്നു. വാഴയുടെ കൈയൊടിഞ്ഞ് താഴവീണ് കാലൊടിഞ്ഞു. കറുമ്പി മരുന്നുവാങ്ങാൻ ഡോക്ടറുടെ അടുത്തുപോയി ഡോക്ടർ ഗുളിക കൊടുത്തു ഗുളിക തിന്നാനായി കറുമ്പി ഒരു വീടിന്റെ കിണറ്റിൻ കരയിൽ കൊണ്ട് വെച്ച് കൊത്തിത്തിന്നാണ് തുടങ്ങിയപ്പോൾ ഗുളിക താഴെ പോയി പാവം കറുമ്പി കിണറ്റിൽ പറന്നിറങ്ങി അപ്പോഴതാ കിണറ്റിൻ ഒരു നിധി കറുമ്പിക്കു സന്തോഷമായി അവൾ അതെടുത്തു കിണറ്റിനു മുകളിലെത്തി കുറച്ച ദിവസം കഴിഞ്ഞപ്പോൾ അവൾ വലിയ പണക്കാരിയായി വലിയ വീടുവെച്ചു. കുറുമ്പിക്ക് അത് സഹിച്ചില്ല അവൾ കറുമ്പിയോട് ചോദിച്ച എല്ലാ കാര്യങ്ങളും മനസിലാക്കി എന്നിട് കറുമ്പി ചെയ്യതുപോലെ വാഴയിൽ നിൻ ചാടി അപ്പോൾ കാലു കൊത്തി കൊത്തി മുറിവുണ്ടാക്കി. എന്നിട്ട് കുറുമ്പി ഡോക്ടറിന്റെ അടുത്ത ചെന്നപ്പോൾ ഗുളിക കൊടുത്തു അത് കിണറ്റു കരയിൽ കൊണ്ട് വെച്ച് കിണറ്റിൽ ഗുളിക തള്ളി ഇട്ടു കിണറ്റിൽ ഇറങ്ങിയപ്പോൾ അവൾക്ക് ചെളിയാണ് കിട്ടിയത് അവൾ അതുമായി വന്നു വലിയ വീട് വെച്ചു കുറെ ദിവസം കഴിഞ്ഞപ്പോൾ വലിയ മഴ പെയ്യു കറുമ്പി സുഖമായി വീട്ടിൽ കിടന്നുറങ്ങി കുറുമ്പിയുടെ വീട് മഴയത്തു ഒലിച്ചുപോയി അപ്പോൾ കറുമ്പി വന്നു അവളുടെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോയി അപ്പോഴയാണ് കുറുമ്പിക്കു മനസിലായത് അഹങ്കാരത്തിന്റെ ഫലം ആപത്താണെന്നു പിന്നീട അവൾ ഒരിക്കലും കുശുമ്പ് കാട്ടിയില്ല.

*നന്ദനാ ഷാജി*

# പ്രണയം

മഴപോലെ തോരാതെ
സുഖമേകുവാനൊരു
കനവായിരുന്നെന്റെ പ്രണയം
ആരും കൊതിക്കുന്ന
ത്തുലികകൊണ്ടുഞ്ഞാൻ
മനസ്സിൽ കുറിച്ചിട്ടു പ്രണയം

മറുപടികിട്ടിയ കടലാസിലൂടെ
അറിഞ്ഞുഞ്ഞാൻ അവളിലെ പ്രണയം
വാക്കുകൾ കാട്ടുന്ന ജാലത്തിലൂടെ
അറിഞ്ഞുഞ്ഞാൻ പ്രണയത്തിനർത്ഥം

കാലം കഴിഞ്ഞുപോയി
അവളെന്നെവിട്ടുപോയി
മനസ്സിലിതാളുന്ന കദനം
ഹൃദയത്തുടിപ്പിന്റെ താളം തകർക്കുന്ന
നോവാണെനിക്കിന്ന് പ്രണയം

**ആദർശ് മാത്യൂ**

# പരിശ്രമം ഒരിക്കലും പാഴാകില്ല

പരിശ്രമം ഒരിക്കലും പാഴാകില്ല എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഈ കഥ .വളരെ വർഷങ്ങൾക്കു മുൻപ് ഒരു ഗ്രാമത്തിൽ റാം എന്ന ഒരു കുട്ടിയുണ്ടായിരുണ്ടു.തന്റെ അച്ചനോടും അമ്മയോടുമൊപ്പം ലളിതമായ ജീവിതമാണ് നയിച്ചിന്നത്ആറാംക്ലാസ്സിലായിരുണ്ടു റാംപഠിച്ചുകോണ്ടിരുണത്. ച്ചെറുപ്രായം മുതൽ വലിയ വലിയ സ്വപ്നങ്ങൽ കാണാൻ അച്ചനമ്മാർ അവന് പ്രചോദനം നൽകി.റാമിന് ഒരു എഞ്ചിനിയറാകാനായിരുന്നു ആഗ്രഹം.പഠ നകാര്യങ്ങളിൽ റാം വളരെ ശ്രദ്ധ വച്ചിരുന്നു.എന്നാൽ ഓരോ പരീക്ഷകളിലും അവന്റെ ആഗ്രഹത്തിനനുസരിച്ചുളള മാർക്കുകൾ അവന് ലഭിച്ചില്ല അതിൽ അവൻ വളരെ ദുഖിതനായിരുന്നു അങ്ങനെയിരിക്കെ ഒരപകടത്തിൽ റാമിന്റെ അച്ഛൻ മരണമടഞ്ഞ ു.അച്ഛന്റെ മരണത്തിൽ റാമും തന്റെ അമ്മയും വല്ലാതെ ദുഖത്തിലാഴ്ണു. അമ്മ തനിയെ ജോലി ചെയ്യുവേണമായിരുന്നു തങ്ങളുടെ കുടുംബം നോക്കാൻ അതിന്റെ ഇടയിൽ റാമിന്റെ പഠനവും നോക്കാൻ അവന്റെ 'അമ്മ വല്ലാതെ കഷ്ട്ടപെട്ടിരുന്നു റാം തന്റെ അച്ഛനമ്മമാരുടെ ആഗ്രഹം പോലെ തന്നെ എഞ്ചിനീയർ ആകാൻ പരിശ്രമിച്ചുതുടങ്ങി അവന്റെ 'അമ്മ അവന്റെ സ്വപ്നനകളും മനസിലാക്കി അവൻ ആവശ്യമായ എല്ലാ പ്രജോധനങ്ങളും നൽകി എന്നാൽ അവനൊരു ഭയമുണ്ടായിരുന്നു താൻ ഇനിയും പരിശ്രമിച്ചിട്ട് പരാജയപെട്ട്പോയാലോ എന്ന ഭയം ഈ ഭയം അവൻ അമ്മയോട് പറഞ്ഞു 'അമ്മ പറഞ്ഞു പരാജയമെന്നത് വിജയത്തിന്റെ മുന്നോടിയാണ് നീ നന്നായി പരിശ്രമിക്കു നിന്റെ പരിശ്രമം ഒരിക്കലും പാഴാകില്ല അമ്മയുടെ വാക്കുകൾ അവനു പ്രജോതനമായി അവനാൽ ആകുന്നവിധത്തിൽ പരിശ്രമിക്കാം തുടങ്ങി അങ്ങനെ ഉയർച്ചയുടെ പടിക്കൽ ഓരോന്നായി അവൻ ചവിട്ടി തുടങ്ങി ഒടുവിൽ റാം ആഗ്രഹിച്ചതുപോലെ ഒരു എഞ്ചിനീയർ ആയി അപ്പോഴും അവൻ ഓർത്തത് തന്റെ അമ്മയുടെ വാക്കുകളായിരുന്നു പരിശ്രമം ഒരിക്കലും പാഴാകില്ല എന്ന അമ്മയുടെ വാക്കുകൾ.

അതുല്യാ അജീഷ്


പണിയാം നവകേരളം
കൂടുതൽ കരുത്തോടെ
ART BY-JOSIYA JOMON

# ബാലവേല-ഒരു വിചിന്തനം

ജൂൺ 12, ലോക ബാലവേലവിരുദ്ധദിനമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെ തടസ്സപ്പെടുത്തുന്നതും വിദ്യാഭ്യാസം, വിനോദം, വിശ്രമം, സന്തോഷപ്രദമായ കുടുംബാന്തരീക്ഷത്തിൽ വളരാനുള്ള അവസരം തുടങ്ങിയ ബാലാവകാശങ്ങൾ പൂർണമായി ലംഘിക്കുന്നതുമായ സാമൂഹികവിപത്താണ് ബാലവേല. കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെ ക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുന്നതിന് ലക്ഷ്യമിട്ടാണ് 2002 മുതൽ അന്താരാഷ്ട്ര തൊഴിൽസംഘടന ജൂൺ 12, ലോക ബാലവേലവിരുദ്ധദിനമായി ആചരിക്കുന്നത്

കൃഷി, വ്യവസായം, മത്സ്യബന്ധനം, ഖനികൾ തുടങ്ങിയ സമസ്ത മേഖലകളിലെയും ഉത്പാദനം, വിതരണം, കയറ്റുമതി, ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ട ബാലവേല തടയുന്നതിന് കർശന നപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദേശത്തിലൂടെ ഐ.എൽ.ഒ. ലോകരാഷ്ട്രങ്ങളെ ഓർമിപ്പിക്കുന്നു.......


**വിശാഖ എസ്**



# അമ്മ–എൻ നിഴൽ

താരാട്ടുപാടിയുറക്കുമെൻ അമ്മ
അമ്മിഞ്ഞപാലൂട്ടി വളർത്തിയെൻ അമ്മ
എൻ കുഞ്ഞിക്കയ്യിൽ പിടിച്ചെന്നെ
കൂടെ നടത്തിയ ദൈവമാണ് അമ്മ
എൻ ജീവിതമാതൃകയാണ് അമ്മ
എൻ നിഴലുപോൽ കൂടെയുണ്ടെപ്പോഴും
ആദ്യമായി  ഞാൻ ഉരിയാടിയ
വാക്കാണ് അമ്മ എന്റെ പൊന്നമ്മ...
ജനനം മുതൽക്കെ എൻ കൈ
പിടിച്ചു മരണം വരെ കൂടെയുണ്ടാകും
എന്നപോലെ എൻ സന്തോഷമായി
തീരും എൻ അമ്മ
അക്ഷരലോകത്തിൽ എൻ കൈ
പിടിച്ചു ആദ്യമായി പള്ളിക്കൂടത്തിലയച്ചു
അമ്മയുടെ വിരഹത്തിൽ ഞാൻ
ഏറെ തേങ്ങി അന്നേരമാണ്
ഞാൻ അമ്മയുടെ വില അറിഞ്ഞത്

അരണ്യാ മോൾ എം. ആർ



# വൈക്കം മുഹമ്മദ് ബഷീർ

നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

ജീവിതരേഖ

1908 ജനനം

1942 അറസ്റ്റും ജയിൽവാസവും; ആദ്യകൃതി 'പ്രേമലേഖനം'

1944 'ബാല്യകാലസഖി'

1947 'ശബ്ദങ്ങൾ'

1951 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്'

1953 'ആനവാരിയും പൊൻകുരിശും'

1954 'ജീവിതനിഴല്പാടുകൾ', 'വിശപ്പ്'

1958 വിവാഹം

1959 'പാത്തുമ്മയുടെ ആട്'

1965 'മതിലുകൾ'

1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്

1975 'ചിരിക്കുന്ന മരപ്പാവ'

1981 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്

1982 പത്മശ്രീ

1987 ഡി.ലിറ്റ് ബിരുദം

1994 മരണം

ലേഖനം

# ക്ഷമ അത്യാവശ്യഘടകം

-----------------------------------------------------------

വ്യക്തിബന്ധങ്ങൾ സംരക്ഷിക്കാനും നിലനിർ-
ത്താനും,സൗഹൃദങ്ങൾ ശക്തിപ്പെടുത്താനും
ക്ഷമ എന്ന സുകൃതത്തിന് ഏറെ സാധ്യമാകു-
ന്നു.ക്ഷമ എന്നതിന് ജീവിതത്തിൽ വളരെ പ്രധാന്യമുണ്ട്.ക്ഷമയുടെ
അഭാവമാണ് രാജ്യ-
ങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ ഉണ്ടാകുന്നതിനു-
പോലും കാരണം. ഇതിൽ നിന്ന് ഈകാലഘട്ടത്തിൽ ക്ഷമക്ക്
പ്രാധാന്യം കുറയുന്നുയെന്ന് മനസ്സിലാക്കാം.അല്ലെങ്കിൽ ക്ഷമ എന്നത്
ലോകത്തിൽ നിന്ന് നഷ്ടപ്പെടുന്നുയെന്ന് പറയാം
ബൈബിളിൽ ക്രിസ്തു ക്ഷമയുടെ മൂർത്തിഭാവമായിരുന്നു എന്ന്
കാണാം ശ്രീനാരായണഗുരുവും ക്ഷമക്ക് ഒരു ഉത്തമമാതൃകയാണ്
നമ്മളിലുണ്ടാകുന്ന പല അസുഖങ്ങൾക്കും കാരണം
ക്ഷമയില്ലാത്തതാണ്. ക്ഷമയുടെ കുറവുമൂലം പലരോടും
പക,വൈരാഗ്യം എന്നിവ
തോന്നാം അതുമൂലം ജീവിതത്തിൽ സമാധാ-
മില്ലാത്തയവസ്ഥയും രക്തസമ്മർദവും ചിലരോഗങ്ങളും ഉണ്ടാകാം
ഇവിടെ ക്ഷമയാ-
ണ് ഏറ്റവും ഫലപ്രദമായ ഔഷധം
ക്ഷമിക്കുകയെന്നുപറഞ്ഞാൽ ആ കാര്യം
മനസ്സിൽ നിന്ന് പൂർണ്ണമായി നീക്കികളയുക-
യെന്നതാണ്. നമ്മൾ ആരോടും വൈരാഗ്യവും
പകയും കാണിക്കാതെ എല്ലാവരോടും ക്ഷമിക്കുമ്പോൾ
നമ്മുടെ ജീവിതം സമാധാനവും സന്തോഷവും ശാന്തിയും
നിറഞ്ഞതാകും.

ജോസിയ ജോമോൻ

# അവസാനമില്ലാത്ത മയക്കം

മുല്ലപ്പൂവിന് മണം ചേറ്റിൽക്കിടക്കവേ
ആയിരം നാൾ കൊതിച്ചാനേരം കാൺകവേ
ഞാനിത്തിരിനേരം മയങ്ങിക്കിടക്കവേ
എന്റെ മകൾ എന്നെ നോക്കി വിളിക്കവേ

എന്റെ മയക്കത്തിന് അന്ത്യം ഇല്ലെന്നറി-
യാതെ എൻ മകളെന്നെ പിന്നെയും
വിളിക്കവേ
ആരൊക്കെയോ ചേർന്ന് അവളെ കൈക-
ളിലേന്തി  എന്നിൽ നിന്ന് അകറ്റിടുമ്പോൾ
ഒരു വീട്ടുമുഴവൻ എനിക്കായ്
കണ്ണീർപൊഴിച്ചിടുമ്പോൾ

ഉയിരോട് ഇരുന്നകാലം
എനിക്കായ് ചിരിക്കാത്തവർ
എൻ അന്ത്യത്തിൽ
എനിക്കായി കരഞ്ഞിടുന്നു

അനേകം നൊമ്പരങ്ങളും
സഫലമാകാത്ത ആഗ്രഹങ്ങളും
എന്റെ ലക്ഷ്യങ്ങളും ബാക്കിയാക്കി
ഞാൻ എവിടെയോ ചെന്നെത്തിടുന്നു

ജോസിയ ജോമോൻ

# भीमा गधा

भीमा रामू धोबी का गधा है।
उसकी परेशानी यह है कि उसकी नींद नहीं खुलती।
इसलिए उसे डाँट सुननी पड़ती है।
एक दिन पड़ोस की गाय गौरी ने पूछा, “भीमा तू उदास क्यों है?”
भीमा बोला, “मेरी नींद नहीं खुलती। तू मुझे जगा देगी?”
“ठीक है।” गौरी बोली।
दूसरे दिन गौरी “माँ...माँ...” रंभाती रही पर भीमा नहीं जागा।
शाम को भीमा घाट से लौटा। मोती कुत्ता वहाँ आया।
“मोती, मेरी नींद नहीं खुलती। तू मुझे जगा देगा?”
“हाँ... हाँ...” मोती बोला। अगले दिन मोती “भौं... भौं...” भौंकता रहा पर भीमा की नींद नहीं खुली।
उस शाम, भीमा चीनू मुर्गे से मिला।
"चीनू, तुम्हारी आवाज़ से तो सभी हर सुबह जाग जाते हैं। क्या तुम मुझे भी जगा दोगे?"
“ठीक है,” चीनू बोला। अगली सुबह "कुकड़ू-कू, कुकड़ू-कू" कर

चीनू ज़ोर से बांग लगाता रहा।
मगर भीमा पर कोई असर ना हुआ।
शाम को भीमा ने कालू कौए को काँव-काँव करते देखा।
“भैया कौए, तुम मुझे सुबह जगा दोगे?”
“हाँ... हाँ... जरूर।” कालू बोला। अगले दिन कालू
“काँव... काँव” करता रहा पर भीमा नहीं जागा।

अब तो भीमा निराश हो गया।
अगले दिन सुबह-सुबह एक मक्खी उसकी नाक में जा बैठी।
“आ..आ..आक छीं!” ऐसा होते ही भीमा की नींद खुल गयी।
“अरे, मैं कैसे जाग गया!”
“मैंने जगाया।” उसके सिर पर बैठी मक्खी बोली।
“सच! मुझे रोज़ जगा दोगी?”
“ठीक है।”
अब भीमा खुश था। यह तरक़ीब काम आई!

जोसिया जोमोन

# പട്ടം

നല്ല വണ്ണവും പൊക്കവുമുള്ള ഒരു കുട്ടി പട്ടം പറപ്പിക്കുകയാണ്.പെട്ടെന്ന് പട്ടം ഒരു മരത്തിന്റെ അറ്റത്തെ കൊമ്പിൽ കുടുങ്ങി.ഒരു കരടിക്കുട്ടി ആ മാരത്തിന്മേലിരിക്കുന്നുണ്ടായിരുന്നു .കരടിയോടു പട്ടം എടുത്തു തരാവോ എന്ന് കുട്ടി ചോദിച്ചപ്പോൾ ഒരു രൂക്ഷഭാവത്തോടെ അത് കുട്ടിയെ നോക്കി.കാരണം കരടിക്കു മനുഷ്യഭാഷ അറിയില്ല .കരടി കുട്ടിയെ നോക്കി ഇളിച്ചുകാട്ടി .നീ എടുത്തു തന്നില്ലെങ്കിൽ ഞാൻ എടുത്തോളാം എന്ന് പറഞ്ഞു കുട്ടി മരത്തിൽ കയറാൻ തുടങ്ങി.കരടിക്കുട്ടിയ്ക്കു അത് ഇഷ്ടപ്പെട്ടില്ല .അതിനെ കരടിക്കുട്ടിയ്ക്കു പേടി ആയിരുന്നു .എന്നിട്ടും കയറി വരുന്ന കുടിയെ കണ്ടു കരടി മുരളുകയും കൂടുതൽ വേഗത്തിൽ മുകളിലേക്ക് കയറുകയും ചെയ്തു.

രണ്ടു പേരും മുകളിലേക്കെത്തുകയും അവരുടെ ഭാരം സഹിക്കാനാവാതെ മരം ഒടിഞ്ഞുവീണു.ഇരുവരും തറയിൽ വീണ ഉടൻ തന്നെ കരടിക്കുട്ടി ഓടിക്കളഞ്ഞു .മനുഷ്യകുഞ്ഞു തന്റെ പട്ടവും എടുത്തു കൊണ്ട് വീട്ടിലേക്കോടി.ഇതെല്ലാം കെട്ടുകഴിഞ്ഞപ്പോൾ തള്ള കരടി പറഞ്ഞു കൊച്ചു രസികാ .....നീ ഒരു നല്ല കഥ കെട്ടിയുണ്ടാക്കിയല്ലോ ....

മനുഷ്യകുട്ടിയുടെ അമ്മ പറഞ്ഞു പട്ടം പറപ്പിക്കാൻ കാട്ടിലേക്ക് പോയത് തെറ്റ്..കരടിയുടെ മരത്തിൽ കയറിയത് വലിയ തെറ്റ്....പിന്നീട് കാലു ഒടിയാഞ്ഞതു വലിയ ഭാഗ്യം ..കരടി നിന്നെ കൊന്നു തിന്നാഞ്ഞതു മഹാ ഭാഗ്യം.

അതുല്യാ സുദർശൻ

# ओणम

ओणम केरल का एक प्रमुख त्योहार है। ओणम केरल का एक पर्व है। ओणम का उत्सव सितम्बर में राजा महाबली के स्वागत में प्रति वर्ष आयोजित किया जाता है जो दस दिनों तक चलता है। उत्सव त्रिक्काकरा (कोच्ची के पास) केरल के एक मात्र वामन मंदिर से प्रारंभ होता है। ओणम में प्रत्येक घर के आँगन में फूलों की पंखुड़ियों से सुन्दर सुन्दर रंगोलिया (पूकलम) डाली जाती हैं। युवतियां उन रंगोलियों के चारों तरफ वृत्त बनाकर उल्लास पूर्वक नृत्य (तिरुवाथिरा कलि) करती हैं। इस पूकलम का प्रारंभिक स्वरुप पहले (अथम के दिन) तो छोटा होता है परन्तु हर रोज इसमें एक और वृत्त फूलों का बढ़ा दिया जाता है। इस तरह बढ़ते बढ़ते दसवें दिन (तिरुवोनम) यह पूकलम वृहत आकार धारण कर लेता है। इस पूकलम के बीच त्रिक्काकरप्पन (वामन अवतार में विष्णु), राजा महाबली तथा उसके अंग रक्षकों की प्रतिष्ठा होती है जो कच्ची मिटटी से बनायीं जाती है। ओणम में नोका दौड जैसे खेलों का आयोजन भी होता है।ओणम एक सम्पूर्णता से भरा हुआ त्योहार है जो सभी के घरों को खुशहाली से भर देता है।



आलफी

# മറക്കരുത്... കലാം നൽകിയ 10 ജീവിത പാഠങ്ങൾ



കലാം ഈ ലോകത്ത് വെറുതേ ജീവിച്ച് പോയ ഒരു മനുഷ്യനായിരുന്നില്ല. ഒരുപാട് അടയാളപ്പെടുത്തലുകൾ നടത്തിയ ഒരു ചരിത്ര പുരുഷനായിരുന്ന അദ്ദേഹത്തിന്റെ ജീവിതം തന്നെ നമുക്ക് ഒരു പാഠപുസ്തകമാണ്. പ്രചോദനം നൽകുന്നതായിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾ. സ്വപ്നം കാണുന്നവരെ പുച്ഛിച്ചിരുന്ന ഒരു നാട്ടിൽ യുവാക്കളോട് സ്വപ്നം കാണാൻ ആവശ്യപ്പെട്ട മഹാനുഭാവൻ... അദ്ദേഹം വാക്കുകളിലൂടെ നൽകിയ 10 ജീവിത പാഠങ്ങൾ..

## സ്വപ്നങ്ങൾ

ഒരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് മുമ്പ്

നിങ്ങൾക്ക് അത് സ്വപ്നം കാണാൻ കഴിയണം.

## മാതാ പിതാ ഗുരു

ഒരു രാജ്യം അഴിമതിരഹിതമാകണമെങ്കിൽ, മനോഹരമായ

മനസ്സുകളുള്ളവരുടേതാകണമെങ്കിൽ- ഞാൻ കരുതുന്നു സമൂഹത്തിലെ മൂന്ന് പ്രധാന

അംഗങ്ങൾക്ക് അതിന് കഴിയും. മാതാ, പിതാ,

ഗുരു.

## വ്യത്യസ്തമായി ചിന്തിയ്ക്കുക

യുവാക്കൾക്കുള്ള എന്റെ സന്ദേശം ഇതാണ്. നിങ്ങൾക്ക് വ്യത്യസ്തമായി ചിന്തിക്കാനുള്ള

ധൈര്യമുണ്ടാകണം, പുതിയവ കണ്ടെത്താനുള്ള

ധൈര്യം വേണം, ആരും സഞ്ചരിയ്ക്കാത്ത പാതകളിലൂടെ സഞ്ചരിയ്ക്കാനുള്ള ധൈര്യം

വേണം, അസാധ്യമായവ കണ്ടെത്താനുള്ള

ധൈര്യം വേണം, പ്രതിബന്ധങ്ങളെ കീഴടക്കി വിജയത്തിലെത്താനുള്ള ധൈര്യം വേണം

## വിജയമന്ത്രം

ലക്ഷ്യത്തിലെത്തണമെങ്കിൽ നിങ്ങൾക്ക്

ഏകാഗ്രമായ അർപ്പണ മനോഭാവം വേണം.

## നേതാവ്

ഞാൻ ഒരു നേതാവിനെ നിർവ്വചിയ്ക്കാം. അദ്ദേഹത്തിന്

കാഴ്ചപ്പാടും അഭിനിവേശവും വേണം. ഒരിക്കലും പ്രതിസന്ധികൾക്ക് മുന്നിൽ തളരരുത്. അതിനുമപ്പുറം പ്രശ്നങ്ങളെ എങ്ങനെ പരാജയപ്പെടുത്താമെന്ന് അറിയണം. ധർമനീതിയോടെ വേണം അയാൾ പ്രവർത്തിക്കാൻ.

**സ്വപ്നങ്ങൾ**

വലിയ സ്വപ്നാടകരുടെ വലിയ സ്വപ്നങ്ങൾ എപ്പോഴും വിജയത്തിലെത്തിയിട്ടുണ്ട്.

**ത്യാഗം**

നമുക്ക് നമ്മുടെ ഇന്നുകളെ ബലികൊടുക്കാം, നമ്മുടെ കുട്ടികളുടെ നല്ല നാളെകൾക്കായി.

**പ്രതിസന്ധികൾ വേണം**

ഒരു വിജയം നേടുന്നതിന് മുമ്പ് ഏറെ പ്രതിസന്ധികൾ നേരിടണം. എന്നാലേ വിജയം ശരിക്കും ആഘോഷിക്കാൻ കഴിയൂ.

**ആകാശത്തേക്ക് നോക്കു**

ആകാശത്തേക്ക് നോക്കു. നാം ഒറ്റയ്ക്കല്ല. പ്രപഞ്ചം മുഴുവൻ നമ്മോട് സൗഹൃദം പുലർത്തുന്നു. സ്വപ്നം കാണുന്നവർക്കും കഠിനാധ്വാനം ചെയ്യുന്നവർക്കും ഏറ്റവും മികച്ചത് നൽകാനായി ഗൂഢാലോചന നടത്തുന്നു.

**ദൈവസഹായം**

നിങ്ങൾ നോക്കു... കഠിനാധ്വാനം ചെയ്യുന്നവർക്ക് മാത്രമേ ദൈവം സഹായം നൽകു.

**ജോസിയ ജോമോൻ**




Read more at:
https://malayalam.oneindia.com/feature/apj-abdul-kalam-s-10-life-teaching-quotes/articlecontent-pf44208-136672.html

# വീക്ഷണം

പാവപ്പെട്ട ഒരു കുടുംബത്തിലെ അടുക്കളയിലായിന്നു ഇരുവരുടെയും താമസം. ചെമ്പുകുടവും മൺകുടവും. തന്റെ തിളക്കത്തിലും ശക്തിയിലും അഹങ്കാരമുള്ളവനായിരുന്നു ചെമ്പു കുടം. അവന് മൺകുടത്തോട് പുച്ഛമായിരുന്നു. അങ്ങനെയിരിക്കെ അവിടെ ഒരു വെള്ളപ്പൊക്കമുണ്ടായി അടുക്കളയിലും വെള്ളം കയറി എല്ലാവസ്തുക്കളും ഒഴുകിപ്പോയി അക്കൂട്ട ത്തിൽ ഇരുകുടങ്ങളും പെട്ടു ഒഴുക്കിൽ ഇരുവരും എങ്ങനെയോ ഒരു പുഴയിൽ എത്തി ഓളങ്ങളിൽപ്പെട്ട് അങ്ങനെ ഒഴുകുകയാണ് മൺ കുടം അകലെക്കൂടി ഒഴുകിപ്പോകുന്നതുകണ്ട് ചെമ്പുകുടം പറഞ്ഞു .""എന്താ അത്ര അകലക്കൂടി പോകുന്നത്? എന്റെ അടുത്തുവരു നീ മണ്ണുകൊണ്ടുള്ള തല്ലെ, നിനക്ക്സ്വയം രക്ഷിക്കാൻ കഴിയുമോ? എന്റെ അടുത്താണെങ്കിൽ നീ സുരക്ഷിതനായിരിക്കും"".മൺകുടം വിനയത്തോടെ പറഞ്ഞു .""നന്ദി സുഹൃത്തെ, താങ്കൾ പറഞ്ഞ തുപോലെ ഞാൻ മണ്ണുകൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്. അതു കൊണ്ട് തന്നെ ദുർബലനും .ഞാൻ തങ്ങളുടെ അടുത്തുവന്നാൽ ഒരുപക്ഷെ ,ഒരു തിര നിങ്ങളെ ശക്തിയായി ഒന്നു തള്ളിയാൽ നാം കൂട്ടിയിടിച്ചെന്ന് വരും അപ്പോൾ എന്റെ സ്ഥിതിയെ ന്താകും ? ഞാൻ അൽപം അകലം പാലിക്കുന്നതല്ലെ നല്ലത്. താങ്കൾ ഇങ്ങോട്ടും വന്നേക്കല്ലെ”

ദൃശ്യാ ഉണ്ണി



# കുസൃതിചോദ്യങ്ങളും ഉത്തരങ്ങളും !!

1 . ആരും ആഗ്രഹിക്കാത്ത പണം ?

2 . തലയിൽ കാൽ വെച്ച് നടക്കുന്ന ജീവി ?

3 .വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

4 .ആവശ്യമുള്ളപ്പോൾ വലിച്ചെറിയും .ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ചു വെക്കും .

5 .തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

6 . ഇടത്തെ കയ്യിനാൽ പിടിക്കാം .വലത്തെ കയ്യിനാൽ പിടിക്കാനാകില്ല .

7 .വെട്ടും തോറും നീളം കൂടുന്നതെന്തു?

8 .നട്ടാൽ മുളക്കാത്ത പയർ ?

9 .വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം ?

10 .താമസിക്കാൻ പറ്റാതെ വീട്?

11 .സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു?

12 .സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഇഷ്ട്ടപ്പെട്ട ദിവസം?

13 .ഏറ്റവും ചെറിയ പാലം ?

14 .ആണുങ്ങൾ വലത്തെ കയ്യിലും പെണ്ണുങ്ങൾ ഇടത്തെ കയ്യിലും വാച്ച് കെട്ടുന്നതെന്തിന്?

**ഉത്തരങ്ങൾ**

*1 .ആരോപണം 2 .പേൻ3 . നിഴൽ 4 .മീൻവല 5 .ആറ്6 . വലത്തെ കൈമുട്ട്7 .വഴി 8 .അമ്പയർ 9 .ബ്രേക്ക് ഡാൻസ്10 .ചീവീട്11 .മുടി 12 .അവധി ദിവസം 13 .മൂക്കിന്റെ പാലം 14 . സമയം നോക്കാൻ*

# खोज

ईश्वर की खोज खोज में जाना ।
सागर की आगे बढ़ खोजा
वहाँ नहीं यहाँ नहीं ईश्वर
एकांत प्रात में भी नहीं ईश्वर ।।

मंदिर मस्जीत दोनों में खोजा
दूसरे के घर में भी खोजा
वहाँ नहीं यहाँ नहीं ईश्वर
एकांत प्रात में भी नहीं ईश्वर ।।

ईश्वर की खोज खोज में जाना ।
ईश्वर की साथ साथ भी जाना
वहाँ नहीं यहाँ ईश्वर
अपना हदय में वहाँ ईश्वर ।।

अतुल्य सुदर्शन

# जीवनी

## नरेश सक्सेना

मध्यप्रदेश के ग्वालियर में जन्म नरेश सक्सेना हिंदी कविता के उन चुनिंदे खामोश लेकिन समर्पित कार्य कर्तावों की अगि्रम पंक्ति में है,जिनके बिना समकालीन हिंदी कविता का वृत्त पूरा नहीं होता || उनका जन्म १६ जनवरी १९३९ को मध्यप्रदेश के ग्वालियर में हुआ ||  वे पेशों से इंजीनियर रहे और  विकंजान तथा तकनीक की ये पढ़ाई उनकी कविता में भी समाइ दिखती है || आप ने कवतावों के अतिरिक्त नाटक,फिल्मों और सम्पादन के क्षेत्रु में महत्वपूर्णु  कार्य किया हे ||



# TO MY DEAR.. DEAREST MOM....

To one who hears..
the sweetest name and
adds lusture to the same
long life to her
for there's no one
who take the place
to my dear Mom
Mother is the symbol
of love, care ...
she acted with many role like
a Best Friend, Mother, Father,
Sister, Brother. others never take the
place of mother only
that place take to my dear Mom....

Nandhana Shaji


Richard Reji

# പ്രളയം ഒരു പ്രഹേളിക

മതസ്ഥ,സന്തുഷ

പ്രളയം ഒരു മഹാവിപത്തായി കേരളത്തെ വിഴുങ്ങിയത് മലയാള ജനതകളിൽ ഇന്നും ഒരു പേടിസ്വപ്നമാണ്. സർവ്വവും നഷ്ടപ്പെട്ട് നിരാലംബരായി ദുരിതാശ്വാസ ക്യാമ്പുകളിൽ മാത്രം കഴിച്ചുകൂടിയ ഇരുണ്ടദിനങ്ങൾ വെളിച്ചത്തന്റെ നിഴൽപ്പൊട്ടുകൾ പ്രതീക്ഷിച്ചു മാത്രം ജീവിച്ചനാളുകൾ


പ്രളയം നന്മയാണോ തിന്മയാണോ എന്ന് നമ്മൾ ചിന്തിക്കുമ്പോൾ,ഒരു ഭാഗത്തുനിന്ന് നോക്കുമ്പോൾഅത് നന്മയുമാണ് മറ്റൊരു ഭാഗത്തുനിന്ന് നോക്കുമ്പോൾ തിന്മയുമാണ്. നന്മയെന്നു ചിന്തിക്കുമ്പോള് ,കേരളത്തിലെ നാനാജാതിമതസ്ഥരാലും സംസ്കാരങ്ങളാലും സമ്പുഷ്ടമാണ്. അതുപോലെതന്നെ ഈ വൈവിധ്യം മനുഷർക്കിടയിലും പ്രകടമാണ് ഒരേ ജാതി മതസ്ഥരോട് മാത്രമേ സംസാരം പോലും ഉണ്ടാകുമായിരുന്നൊള്ളു വർഗീയത കൊടുകുത്തി കാലമല്ലെങ്കിലും അവിടവിടങ്ങളിൽ വർഗീയത ഇന്നും നിലനിൽക്കുന്നു

മഹാബലിത്തമ്പുരാൻ വാണിടുന്ന കാലത്തെ കേരളമല്ല ഇന്ന് നമ്മുടെ മുൻപിൽ ഒരു മഹാശക്തിയായി വളർന്നുകൊണ്ടിരിക്കുന്നത ്.ആധുനികതയുടെ മൂർധാവിൽആണെങ്കിൽ പോലും വിവേചനത്തിന്റെ കൊടുമുടിയുടെ വളർച്ചയെ നാം നിസ്സാരമായി  തള്ളിക്കളയണ്ട കാര്യമില്ല കാരണം മരണത്തിന്റെ വക്കിൽപോലും ജാതിമറന്ന് ഭക്ഷണം കഴിക്കാത്ത വരുമുണ്ട്. താണജാതിമതസ്ഥരുടെ ഭക്ഷണം ഞങ്ങൾ കഴിക്കില്ല എന്നു പറ ഞ്ഞ മലയാള ജനതയുടെ മനക്കട്ടി നാം അളക്കേണ്ടതാണ് . അവസാനം മര ണം അടുത്തപ്പോൾ പോലും മുക്കുവർ എന്നു പറഞ്ഞു നാം സമൂഹത്തിൽ നിന്ന് കടൽ തീരങ്ങളിലേക്ക് തള്ളിമാറ്റിയ കടലിന്റെ മക്കളാണ് മരണത്തിൽ നിന്നു പോലും നമ്മെ കര കയറ്റിയത് അത്ര കണ്ട് അതം പതിച്ചാണ് മലയാള ജന തയുടെ മനസ്സ്

ഒരു പക്ഷം കൂടി നാം വിശകലനം ചെയ്യുമ്പോൾ പ്രളയം തിന്മയാണ്. കാരണം ഒരായുഷ്ക്കാലം മുഴുവനും അധ്വാനിച്ച് ഉണ്ടാക്കിയതെല്ലാം ഒരു നിമിഷം കൊണ്ട് വെള്ളം തുടച്ച്നീക്കുന്നത് കണ്ട് മനസ്സ് മരവിച്ചുപോയവരും അതിൽ മരിച്ചുവീണവരുടെ എണ്ണവും അത്ര കുറവല്ല. ജീവിതത്തിൽ പ്രതികാരരൂപിയായി മഴ താണ്ഡവമാടിയപ്പോൾ ഒരു നേരമെങ്കിലും മരണത്തെ കുറിച്ച് ചിന്തിക്കാത്തവരായി ആരും തന്നെ ഉണ്ടായിരി- ക്കില്ല. നമ്മുടെ ഈ കേരളത്തിൽ മാതാപിതാക്കളെ നഷ്ട്പ്പെട്ടവർ , മക്കളെ നഷ്ടപ്പെട്ടവർ , അനാഥരായവർ
എന്നിങ്ങനെ നഷ്ട്ടങ്ങൾ മാത്രം പറയുവാൻ ഉള്ള ദിനങ്ങളാണ് പ്രളയം ബാക്കിവച്ചത്

എന്നാൽ നഷ്ട്ടങ്ങൾ മാത്രമല്ല തിരിച്ചറിവിന്റെയും കാലമായിരുന്നു അത് വേണ്ടവിധം പ്രയോജനപ്പെടുത്തുവാനുള്ള ബുദ്ധി കേരളജനതയ്ക്ക് ഉണ്ടായില്ല. അവർ മറ്റുകാര്യങ്ങളിൽ തമ്മിൽതല്ലി പരസ്പരം തല്ലിയും കൊന്നും ജീവിതദിശതന്നെ മാറ്റിവിടുകയാണ്. അതൊരു അവസാനമോതുടക്കമോ എന്നുപോലും മനസ്സിലാക്കാൻ സാധിക്കുകയില്ല.പ്രളയം തിന്മയായിരുന്നു എന്നാൽ ജീവിതത്തെ തിരികെപിടിക്കാൻ ശ്രമിച്ചില്ല.

റീമാ റോയി


Listen to Every One
Learn from Every One
because nobody know's
Everything but Every One
Know's Some thing

little KITEs

THANK YOU....